# GLPS THIRDCAMP

## Academic Master Plan 2025-2026

Classes 3 & 4

Period: June – March

# ആമുഖം

ഇന്നത്തെ ആധുനിക സമൂഹത്തിൽ ഭാഷാപ്രാവീണ്യവും ആശയവിനിമയ കഴിവുകളും നിർണ്ണായകമാണ്. കുട്ടിയുടെ സമഗ്ര ഗുണമേന്മയെ ലക്ഷ്യം വെച്ച്, ആശയവിനിമയത്തിന് ആവശ്യമായ four skills (Listening, Speaking, Reading, Writing) ഊന്നിപ്പെടുത്തുന്ന രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരിച്ചിരിക്കുന്നത്. പ്രായോഗികവും സംവേദനാത്മകവുമായ ഭാഷാ പരിശീലനം കുട്ടികളെ ഉയർന്ന ക്ലാസുകളിലേക്ക് മത്സരിക്കാൻ സജ്ജമാക്കുകയും സമൂഹത്തിൽ ആത്മവിശ്വാസത്തോടെ ഇടപെടാൻ കഴിവുള്ളവരാക്കി വളർത്തുകയും ചെയ്യുന്നതാണ് .

# Vision & Mission

- Vision: Empower students to be confident, skilled communicators & responsible citizens
- Mission: Strengthen language, arts, sports, and values through inclusive education

# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം (Samagra Shiksha / Quality Education) മൂന്ന്,നാല് ക്ലാസിലേയ്ക്ക് പ്രയോഗത്തിൽ

- 1. പഠനത്തിൽ അടിസ്ഥാനവിദ്യാഭ്യാസം ശക്തിപ്പെടുത്തൽ
- വായന, എഴുതൽ, സംഖ്യാശേഷി തുടങ്ങിയ Foundational Literacy & Numeracy (FLN) ഉറപ്പാക്കുക.
- ക്ലാസ് ബുക്കുകളിൽ നിന്നും പുറത്ത് വന്നുള്ള ആനുകൂല്യപ്രദമായ ആക്റ്റിവിറ്റികൾ ഉൾപ്പെടുത്തുക.

- ✅ 2. ക്ലാസ്റൂം മികവിന്റെ ഉറപ്പ്

  ബാലസൗഹൃദ പഠന പരിതസ്ഥിതി ഒരുക്കുക.

- ✅ 3. വിനോദം, കല, കായികം എന്നിവയുടെ ഏകീകരണം
- 4. സ്വയം മൂല്യനിർണ്ണയം, ടീച്ചർ അസസ്മെന്റ് PROGRESS REPORT
- 5. രക്ഷിതാക്കളുടെ പങ്കാളിത്തം - 100 % CPTA
- 7. ഇൻക്ലൂസീവ് എജ്യുക്കേഷൻ (SPECIAL CHILDREN)

# Key Focus Areas

LIFE SKILL DEVELOPMENT ( 27 WEEK PROGRAMME)

Communicative English Development

Cultural & Artistic Training

Sports & Physical Fitness

PRESENTATION IN PUBLIC

Parental Engagement

# Communicative English Programme Weekly Plan

| Day | Activity |
| --- | --- |
| • Monday | Phonetics Training |
| • Tuesday | English Rhymes |
| • Wednesday | Communication Exercises |
| • Thursday | Writing Exercises - Growing Sentences |
| • Friday | Listening to & Presenting English Stories |

# Special Annual English Activities

| Month | Activity | Budget |
| --- | --- | --- |
| June 20 | Set up English Corner in each class | ₹500 |
| July 30 | Create English Class Album (Class 3 & 4)- | |
| August | English Presentation linked with Independence Day- | |
| September | Parental Awareness Programme | |
| -Nov 3 | Class 4: English Camp (+ Study Materials) | ₹1000 |
| Nov 4 | Class 3: English Camp (+ Study Materials) | ₹1000 |
| Jan 15 | English Magazine Preparation (Class 3 & 4) | ₹500 x2 |
| Jan 30 | English Fest (Skit, Drama, Choreography) | ₹5000 |
| March | Padanotsavam: Student Excellence to Society- | ₹5000 |

# Expected Outcomes

Improved English Proficiency

Enhanced Creativity & Confidence

Increased Parental Involvement

Well-rounded personality development

"ലോകത്തെ മാറ്റാൻ കഴിയുന്ന ഏറ്റവും ശക്തമായ ആയുധം വിദ്യാഭ്യാസമാണ്."
— നെൽസൺ മണ്ടേല

ഒരു കുട്ടിയെ വളർത്താൻ ഒരു ഗ്രാമത്തിന്റെ കൂട്ടായ്മ ആവശ്യമാണ്."

# THANKYOU


ഒന്നൊരുക്കം 2025
ACADEMIC
MASTER PLAN
GLPS THIRD CAMP
standard 1

# INTRODUCTION

ഒന്നാം ക്ലാസിലെ സമഗ്ര
ഗുണമേന്മ വിദ്യാഭ്യാസ
വികസനമാണ് ഓരോ
അധ്യാപകരും രക്ഷിതാക്കളും
ലക്ഷ്യമിടുന്നത്. എടുത്ത്
വായന മറ്റ് അക്കാദമിയെ
നേട്ടങ്ങൾ എന്നതിനോടൊപ്പം
കുട്ടികളുടെ ശാരീരികവും
മാനസികവും
വൈകാരികമായി നേട്ടങ്ങൾ
കൂടി കൈവരിക്കുന്നതിന്
ആവശ്യമായ
ഇടപെടലുകളാണ് ലക്ഷ്യം
ഇടുന്നത്. പുതിയ
വർഷത്തിൽ കുട്ടികൾക്ക്
ഭാഷയിലും ശാസ്ത്രത്തിലും
ഗണിതത്തിലും

അതുപോലെ
കലാപരമായ കഴിവിലും
വികസനത്തിലും
കൂടുതൽ അവബോധം
ഉണ്ടാക്കാനും
സമൂഹത്തിൽ
ഉദ്യാസമ്പന്നരായി
മാറാനും ഈ
പ്രവർത്തനങ്ങൾ മൂലം
ഓരോ കുട്ടിക്കും
സാധ്യമാകുന്നതാണ്. ഈ
വർഷം ജൂൺ മുതൽ
മാർച്ച് വരെയുള്ള
കാലയളവിൽ
നടപ്പിലാക്കുന്നതും
തുടർ പ്രവർത്ത ന
സാധ്യതയുള്ളതുമായ
വിവിധ പദ്ധതികളാണ്
കൈക്കൊള്ളുന്നത്.

## Class teacher

ഈ അക്കാഡമിക് വര്ഷം ഒന്നാം ക്ലാസിൽ കുട്ടികളാണ് പ്രവേശന നേടിയത് . ഇതിൽ പ്രീപ്രൈമറി അംഗനവാടി അനുഭവമുള്ളവർ പേരും.പ്രവേശനപ്രയത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ജൂൺ രണ്ടിന് അഞ്ചുവയസ്സായ കുട്ടികളും ആറ് വയസായ കുട്ടികളും ആണ് ഉള്ളത് .




# { malayalam }

1. ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക

ഓരോ കുട്ടിയും ലഘുബാലസാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക

2. ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുമുള്ള കഴിവ് നേടുക

3. ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക

4. ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക

5. ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക


6. ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക

7. ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക

8. ഓരോ കുട്ടിയുടെയും പഠനത്തെളിവുകളടങ്ങിയ വളരുന്ന അഭിമാനരേഖ രൂപപ്പെടുത്തുക

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| പൂർണ്ണ പങ്കാളിത്തമുള്ള ക്ലാസ് പിടിഎ | നിർമ്മാണ ശില്പശാല | May last week | Class teacher $ SMC | |
| പഠനാന്തരീക്ഷം ആകർഷകമാക്കുക<br>സ്വതന്ത്രഭാഷണ ത്തിനുള്ള അവസരം ഒരുക്കുക | ഒന്നൊരുക്കം {സന്നദ്ധതപ്രവർ ത്തനങ്ങൾ} വായനോത്സവം ,കഥാവേള ബാലസഭ ,ക്ലാസ് ഒരു വായനക്കൂട് വീട് ഒരു പുസ്തകക്കൂട് | JUNE | Class teacher SMC PTA SRG | |

| | | | | |
|---|---|---|---|---|
| പ്രാഗ് വായന ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനു<br><br>ആശയപ്രകടനം വിവിധരൂപങ്ങളിൽ അവതരിപ്പിക്കുന്നതിനു | പാട്ടരങ്ങ്, വരയരങ്ങ്, സംയുക്ത ഡയറി, ചിത്രരചന ചിത്ര വായന പ്രകൃതിയിൽ നിന്നുള്ള വസ്തുക്കൾ ഉപയോഗിച്ച് നിറം നൽകാൻ കൊളാഷ് നിർമ്മാണം | **July** | | |
| പ്രാദേശിക വസ്തുക്കളെ കളിപ്പാട്ടങ്ങളാക്കി മാറ്റുക<br><br>കലാപരമായ ശേഷിവികസനം കരവിരുത് വികസനം | വായനക്കാർഡ് നിർമ്മാണം കളിപ്പാട്ട നിർമ്മാണ ശില്പശാല | **August** | | |




**The Accademic Master Plan for Standard 1 English Language** aims to build a strong foundation in basic language skills among young learners. It focuses on developing students' abilities to listen, speak, read, and write in English through interactive, engaging, and age-appropriate activities. The plan is designed to nurture interest and confidence in using English as a means of communication. It emphasizes phonics, vocabulary development, sentence formation, and early comprehension skills. By the end of the academic year, students are expected to understand and use simple English in both academic and everyday contexts.




### 1. Listening Skills

Understand simple instructions and classroom commands.
Listen and respond to short stories, rhymes, and songs.
Recognize familiar words and phrases in spoken English.

### 2. Speaking Skills

Greet others and introduce oneself (e.g., "My name is...").
Use simple sentences to express needs and feelings (e.g., "I am happy," "I want water").
Recite rhymes and short poems with correct pronunciation.

### 3. Reading Skills

Recognize and read capital and small letters (A-Z, a-z).
Identify sounds of letters (phonics: a-z).
Read simple CVC words (e.g., cat, dog, sun).
Read familiar words and short sentences with support.
Match words with pictures.

### 4. Writing Skills

Write capital and small letters legibly.
Copy and write simple words and short sentences.
Fill in missing letters in simple words.
Use basic punctuation (e.g., capital letter at the beginning, period at the end).

### 5. Vocabulary Development

Learn names of common objects, colors, animals, fruits, and body parts.
Understand and use action words (e.g., run, jump, eat).
Use simple adjectives (e.g., big, small, happy).

### 6. Grammar Awareness (Basic)

Understand the use of "is/are" in simple sentences.Use articles "a" and "an"

*appropriately.*
*Identify and use naming words (nouns) and doing words (verbs).*

***7. Reading Comprehension***

***Answer simple questions based on short passages or pictures.***
***Sequence pictures or events in a story.***

| Objectives | Activities | Period | Duty | Financial analysis |
|---|---|---|---|---|
| Communicative English<br><br>**Practice greetings and introductions.**<br><br>**Encourage speaking in full** | Greeting Circle<br><br>Show and Tell | **June**<br><br>**to** | | **SRG & PTA** |

| | | | | |
|---|---|---|---|---|
| sentences.<br><br>Practice everyday dialogues.<br><br>Build vocabulary and sentence structure.<br><br>Improve pronunciation and rhythm.<br><br>Vocabulary building and pronunciation. | Role Play<br><br>Picture Talk<br><br>Action Songs and Rhymes<br><br>Flashcard Fun | march{ morning 9.30 to 10.00} | Class teacher | |

| | | | | |
|---|---|---|---|---|
| **Develop listening and responding skills.**<br><br>**Practice describing people/animals.** | **Simon Says**<br><br>**Who Am I?** | | | |
| **Building confidence in public speaking** | **English assembly** | **Once in a month { 2nd term onwards }** | **Class teacher** | **SRG** |
| **Improving basic communication skills** | **English camp** | **Once in a year { December }** | **Class teacher English club** | **PTA** |

| | | | | |
|---|---|---|---|---|
| **To showcase language skills creatively** | **English Fest** | **Last term { march}** | **English club** | **PTA** |




സ്റ്റാൻഡേർഡ് 1 ലെ ഗണിതവിഷയത്തേക്കുറിച്ചുള്ള അക്കഡെമിക് മാസ്റ്റർ പ്ലാൻ രൂപകൽപ്പന ചെയ്തത് സമഗ്ര ഗുണമേന്മ വികസനം ലക്ഷ്യം ഇട്ടുകൊണ്ട് ആണ്. ഗണിതത്തിന്റെ അടിസ്ഥാന ധാരണകൾ കുട്ടികളിൽ ഉറപ്പിക്കുക എന്നതാണ് ഈ ഘട്ടത്തിലെ പ്രധാന ലക്ഷ്യം. ഇതിലൂടെ കുട്ടികൾക്ക് ഗണിത ധാരണകൾ അനുഭവപരിചയങ്ങൾ മുഖേന പഠിക്കാൻ അവസരം ലഭിക്കും.

ഇത് പ്രവർത്തനപരമായ പഠനരീതികളിലൂടെയും, ശേഖരങ്ങളും ആസക്തിയും ഉണർത്തുന്ന സമീപനങ്ങളിലൂടെയും കുട്ടികളുടെ അറിവും ആത്മവിശ്വാസവും വളർത്തുകയാണ് ലക്ഷ്യമിടുന്നത്. ഈ അധ്യയന വർഷം സംഖ്യകൾ, ആകൃതികൾ, പതിപ്പുകൾ, അളവുകൾ എന്നിവയുടെ അടിസ്ഥാനപരമായ അറിവ് രൂപപ്പെടുന്നു.

ഈ അക്കഡെമിക് മാസ്റ്റർ പ്ലാനിൽ വർഷത്തെ പാഠക്രമഘടന, പഠനഫലങ്ങൾ, അധ്യാപനരീതികൾ, വിലയിരുത്തൽ ഉപായങ്ങൾ, ആവശ്യമായ പഠന-അധ്യാപന വസ്തുക്കൾ എന്നിവ സമഗ്രമായി ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ പശ്ചാത്തലങ്ങളിലുള്ള വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് ഘട്ടം ഘട്ടമായി ആശയങ്ങൾ വളർത്തുന്നതിനായി ഈ പ്ലാൻ സഹായകരമാകുന്നു. ഇത് ഭാവിയിലെ ഗണിതവിഷയ പഠനത്തിന് ഉറച്ച അടിസ്ഥാനം ഒരുക്കുകയും ചെയ്യും.

| ഗവൺമെന്റ് എൽ പി എസ് തേർഡ് ക്യാമ്പ്<br>അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26<br>ക്ലാസ്സ് 1<br>ഗണിതം | | | | | |
|---|---|---|---|---|---|
| **Sl. No** | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. | കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കാൻ | ◆ ഗണിത ചിന്ത വളർത്തുന്ന പ്രവർത്തനങ്ങൾ<br>◆ ഓരോ കുട്ടിക്കും ഒരു ഗണിത കിറ്റ് | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | SSA<br>PTA |
| 2. | നിത്യജീവിതത്തിൽ ഗണിതം ആവശ്യമാകുന്ന ഇടങ്ങളിൽ പ്രയോഗിക്കുന്നതിന് പ്രാപ്തരാവുക. | ◆ ഇല്ലാത്ത ഗണിത പ്രവർത്തനങ്ങൾക്ക് ഒരു പിരീഡ്<br>◆ ഒരു ദിനം ഒരു ചോദ്യം( കുസൃതി കണക്ക്, ഗണിത പസിൽ )<br>◆ ഗണിത ക്യാമ്പ്. ഗണിതം കളികളിലൂടെ | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | SSA<br>PTA |
| 3. | രാവിലെ, ഉച്ച, രാത്രി എന്നീ നേരങ്ങളുമായി ബന്ധപ്പെടുത്തി സമയം തിരിച്ചറിയുന്നതിന്. | ◆ ക്ലാസിൽ ഒരു ക്ലോക്ക് | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | SSA<br>PTA |
| | | | | | |

# GOVT LPS THIRDCAMP

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

# CLASS 2

NAME OF CLASS TEACHER……………………………
SUB .DIST; NEDUMKANDAM
DISTRICT; IDUKKI

ആമുഖം

തേർഡ്ക്യാമ്പ് ഗവൻമെൻ്റ് എൻ.പി സ്കൂളിൻ 2025-2026 അധ്യന വർഷം 46 കുട്ടികളാണ് പഠിക്കുന്നത്.ഒന്നിൻ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികളക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കുന്നതിന് ആസൂത്രിതമായ പരിപാടികളാവശ്യമാണ്,പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്രഗുണമേന്മാപദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലെ കുട്ടികളിലും പ്റകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടി അക്കാദമിക മാസ്ററർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നു.

ലക്ഷ്യങ്ങള്

മലയാളം

$ ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക മാസ്റ്റർ പ്ലാൻ സമയബന്ധിതമാ.ി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകളുപയോഗിച്ച് തെറ്റില്ലാതെ ലഘുബാലസാഹിത്യകൃതികള് വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്തഭാഷയിലെഴുതുന്നതിനും കഴിവുനേടുന്നു.
$രക്ഷിതാക്കളുടെ സഹായത്തോടു കൂടി സംയുക്ത ഡയറിയെഴുത്ത് തുടരുന്നു ,സ്വതന്ത്ര രചയിതാക്കളാവുന്നു.
$സ്വതന്ത്ര സർഗാത്മക രചനകളിലേർപ്പെടുന്നു.
$ആശയാവതരണത്തിലൂടെ നമ്മുരപദങ്ങളുറപ്പിക്കുന്നു.
$ict സാധ്യത പ്രയോജനപ്പെടുത്തി കഥകളും കവിതകളും കേള്ക്കുന്നതിനുള്ള അവസരമൊരുക്കുന്നു.
$ക്ലാസ് പിടിഎ കള് ശക്തിപ്പെടുത്തുന്നു.
$സാമൂഹ്യ അംഗീകാരം ഉറപ്പാക്കുന്നു.

$മെച്ചപ്പെട്ട അസംബ്ലികള് സംഘടിപ്പിക്കുന്നു.
$ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് സമഗ്രശേഷി വികാസത്തിനുള്ള പ്രവർത്തനങ്ങള് നല്കുന്നു.
പഠനപിന്തുണാ പ്രവർത്തനങ്ങള്ക്ക് ഊന്നലുനല്കുന്നു.

ഗണിതം

$സംഖ്യാബോധം ഉറപ്പിക്കുന്നു.
$സങ്കലനം വ്യവകലനം ഉറപ്പിക്കല്
$സമയം ഉറപ്പിക്കുനനതിനുള്ള പ്രവർത്തനങ്ങള്
$ഗണനചിന്താ രൂപീകരണം
$ഗുണനപ്പട്ടിക ഉറപ്പിക്കുന്നു.
$നിത്യ ജീവിതവുമായി ഗണിതം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന അവബോധം കുട്ടികളിലുണ്ടാക്കുന്നു.
$ഗണിതാശയങ്ങളുടെ രൂപീകരണം

ENGLISH

$Alphabetical comformation
$ Enable all children to read
$ Children work according to instructions
$ Oral presentation of ones own idea
$ Says small sentences/ informal talking their own ideas
$ Hear and learn action songs and moral stories
$Enable children to speak in english

പ്രവർത്തനക്കലണ്ടർ

malayalam

| ക്രമ നം. | പ്രവർത്തനം | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| 1<br>2<br>3 | &ചിത്രക്കാർഡുകള് നല്കല്<br>&ഭാഷണത്തിന് അവസരമൊരുക്കല്<br>&വായനാസാമഗ്രികള് നിർമിക്കല് | ജൂണ്<br>ജൂണ്<br>ജൂണ്<br>ജൂണ് | ടീച്ചർ |

| | | | |
|---|---|---|---|
| 4 | &വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങള് വികസിപ്പിക്കല് | | |
| 5 | &ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു. | ജൂലൈ | |
| 6 | &ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു. | ജൂലൈ | pta |
| 7 | &സ്കൂള് ലൈബ്രറി ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു | ജൂലൈ | pta,parents |
| 8 | &കൃഷിത്തോട്ട സന്ദർശനം | ജൂലൈ ആഗസ്റ്റ് | parents |
| 9 | &വീട്ടില് ലൈബ്രറി ഒരുക്കല് | | |
| 10 | &ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കല് | ആഗസ്റ്റ് | teacher |
| 11 | &മുഖം മൂടി നിർമ്മാണം | ആഗസ്റ്റ് | |
| 12 | &ചിത്രവിവരണം | | |
| 13 | &തൊപ്പി നിർമ്മാണം | ആഗസ്റ്റ് | pta |
| 14 | &വായനയിലൂടെ വ്യത്യസ്ത വ്യവഹാരരൂപങ്ങള് ഉണ്ടാക്കുന്നു. | സെപ്റ്റംബർ | |
| 15 | &കഥയെ ചിത്രങ്ങളാക്കല് | | |
| 16 | &വായിച്ച കഥയില് നിന്നും ചോദ്യങ്ങളുണ്ടാക്കല് | സെപ്റ്റംബർ | |
| 17 | &കേട്ടതോ വായിച്ചതോ ആയ കഥകള്,സംഭാഷണങ്ങള്,സ്വന്തം ഭാഷയില് അവതരിപ്പിക്കുന്നു. | ഒക്ടോബർ | |
| 18 | &സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിലേർപ്പെടുന്നതിനുള്ള അവസരം | നവംമ്പർ | |
| 19 | &ഭക്ഷ്യമേള | നവംമ്പർ ഡിസംമ്പർ | |
| 20 | &ഭാഷയുടെ വിവിധ തലങ്ങളിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങള് ചെയ്യുന്നു. | | |
| 21 | &വരികള് കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കല് (കവിതാപൂരണം) | ജനുവരി | |

| | | | |
|---|---|---|---|
| 22<br><br><br><br><br>23<br><br><br>24 | &ലഘുവിവരണങ്ങള് പ്രത്യേകതകള് എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരമൊരുക്കല്<br>സ്വതന്ത്ര സർഗാത്മക പ്രവർത്തനങ്ങളിലേർപ്പെടുന്നതിനുള്ള അവസരം ഒരുക്കല്<br>&വീട്ടുവായന,കൂട്ടുവായന, അമ്മവായന,ച്ത്രവായന ഇവയെ പ്രോത്സാഹിപ്പിക്കല്<br>&ക്ലാസ് ലൈബ്രറി ശക്തമാക്കല് | ജനുവരി<br><br>ജനുവരി<br><br>ഫെബ്രുവരി | |

Mathematics

| ക്രമ നം. | പ്രവർത്തനം | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| 1<br>2<br>3<br>4<br>5<br>6<br>7<br>8<br>9<br>10<br>11 | &പാറ്റേണുകള് രൂപീകരിക്കല് സംഖ്യാബോധം കണ്ടെത്തല്<br>&ഗണിതക്കിറ്റ് എല്ലാക്കുട്ടികള്ക്കും ഉറപ്പാക്കല്<br>&പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങള് ചേർത്ത് രണ്ടക്ക സംഖ്യകള് രൂപീകരിക്കല്<br>&വിവിധ പാറ്റേണുകള് രൂപീകരിക്കല്<br>&സംഖ്യകളുടെ പ്രത്യേകതകള് കണ്ടെത്തല്<br>&ഗണിതകിറ്റിലെ വസ്തുക്കള് നിരത്തി പ്രായോഗിക പ്രശ്നങ്ങള് പരിഹരിക്കല്<br>&വിലവിവരപ്പട്ടിക തയ്യാറാക്കല്<br>&രണ്ടക്കസംഖ്യകള് ഉള്പ്പെടുന്ന പ്രായോഗിക പ്രശ്നങ്ങള് നിർധാരണം ചെയ്യുന്നു<br>&സങ്കലന വ്യവകലന ക്രിയകളുള്പ്പെടുന്ന പ്രായോഗിക പ്രശ്നങ്ങള് പരിഹരിക്കല്<br>&സംഖ്യാപാറ്റേണുകള് രൂപീകരിക്കല്<br>&സ്ഥാനവില തിരിച്ചറിയല് | ജൂണ്<br>ജൂലൈ<br><br>ആഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>നവംബർ | Pta<br><br>class tr<br><br>pta<br><br>parents |

| | | | |
|---|---|---|---|
| 12 | &കളിനോട്ടുകള് രൂപീകരിക്കല് | | |
| 13 | &നോട്ടുകളും നാണയങ്ങളും തിരിച്ചറിയല്,കൂട്ടിച്ചേർത്ത് സംഖ്യകള് രൂപീകരിക്കല് | ഡിസംബർ | parents |
| 14 | &സംഖ്യാവ്യാഖ്യാനം ഉറപ്പിക്കല് | | |
| 15 | &സ്ഥാനവിലപ്പോക്കറ്റ് അബാക്കസ് നിർമ്മിക്കല് | | |
| 16 | &വിലവിവരപ്പട്ടിക തയ്യാറാക്കല്,വിവരങ്ങള് ക്രോഡീകരിച്ച് പട്ടിക തയ്യാറാക്കല് | ജനുവരി | pta |
| 17 | &സങ്കലന വ്യവകലന ക്രിയകളുള്പ്പെടുന്ന പ്രായോഗിക പ്രശ്നങ്ങള് നിർധാരണം ചെയ്യല് | | |
| 18 | &ഗണിതാലാപനം നടത്തല് | ഫെബ്രുവരി | |
| 19 | &ഉല്ലാസഗണിതം വസ്തുക്കളുപയോഗിച്ച് ഗണിതപ്രശ്നങ്ങള് പരിഹരിക്കല് | | |
| 20 | &കലണ്ടർ പതിപ്പ് തയ്യാറാക്കല് | മാർച്ച് | |
| 21 | &മാസത്തിലുള്ള ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തല് | | |
| 22 | &കലണ്ടർ സംഖ്യാബന്ധങ്ങള്,പാറ്റേണുകള് രൂപീകരിക്കല് | | |

ENGLISH

| SL NO | ACTIVITIES | TIME DURATION | SOURCE |
|---|---|---|---|
| 1 | To develop listening skills and reading skills<br>Listening skills | JUNE | Pta |
| 2 | #Games ,Actionsongs,Hello english activities, Conversations ,Stories use of | | |

| | | | |
|---|---|---|---|
| 3<br><br><br><br>4<br><br>5 | ICT<br>Speaking skills<br>#Descriptions,growing sentences,picture reading,picture descriptions,self introduction,assembly activities quiz,riddles,school radio<br><br>Reading skills<br>#News paper reading,librarybooks reading,find words,rhyming words,describing words.<br>#Make wordweb,picture description,word chain sentences,make riddles,conversations,add morelines,develop story description,notice proclamation | august ,september<br><br><br><br>july ,february | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 26

## മലയാളം ക്ലാസ് 3

| SI NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ സംവിധാനം | അവതരണ സന്ദർഭം | ചെലവ് |
|---|---|---|---|---|---|---|
| 1 | ആഹ്ലാദപൂർണമായ വായന നടത്തുന്നതിന് അവതരണവേള നാട്ടുകഥകൾ ഭാവാത്മക അവതരണം നടത്തുന്നതിന് | പാഠപുസ്തകം എച്ച് ബി എന്നിവ പരിശോധിച്ചു പുസ്തകങ്ങൾ കുട്ടിക്ക് നൽകാവുന്നവ കണ്ടെത്തുന്നു പുസ്തകങ്ങൾ പട്ടികപ്പെടുത്തൽ പുസ്തക ശേഖരണം | മെയ് ജൂൺ | എസ് ആർ ജി | | 1000 |
| 2 | നാട്ടുകഥകൾ ഭാവാത്മക അവതരണം നടത്തുന്നതിന് | കഥാപുസ്തകങ്ങൾ മിന്നാമിന്നി | ജൂൺ -മാർച്ച് | | | 1000 |
| 3 | കവിത നാടൻപാട്ട് ഈണത്തിൽ താളത്തിൽ അവതരിപ്പിക്കുന്നതിന് | ആഴത്തിൽ വായന ആശയ ഗ്രഹണ വായന | ജൂൺ -മാർച്ച് | | | |
| 4 | ആഴത്തിൽ വായന ആശയ ഗ്രഹണ വായന പ്രോത്സാഹിപ്പിക്കുന്നത് സ്വയം വായിച്ച് കണ്ടെത്തലുകൾ നടത്തുന്നതിനുള്ള കഴിവ് വികസിപ്പിക്കൽ | കൂട്ടുകാരൻ ഒരു പുസ്തക സമ്മാനം കുട്ടികളുടെ പുസ്തകമേള ക്ലാസ് ലൈബ്രറി രൂപീകരിക്കൽ | ജൂൺ 19- ജൂലൈ 20 | സ്പോൺസറിംഗ് രക്ഷിതാക്കൾ പിടിഎ എസ്എംസി സന്നദ്ധ സംഘടനകൾ എസ് ആർ ജി പ്രാദേശിക വിദഗ്ധൻ | ജൂൺ 19 | 7000 |
| 5 | വായന അനുഭവങ്ങൾ പങ്കുവെക്കൽ | അമ്മമാരുടെ വായന രചന ശില്പശാല | ജൂലൈ | | | 2000 |
| 6 | എല്ലാ കുട്ടികളുടെയും വീട്ടിൽ ഒരു ലൈബ്രറി ഉറപ്പാക്കൽ | കുട്ടികളുടെ രചനകൾ മാഗസിൻ ഇറക്കൽ | ഓഗസ്റ്റ്- സെപ്റ്റംബർ | | | 2000 |
| 7 | എല്ലാ കുട്ടികളുടെയും വീട്ടിൽ ഒരു ലൈബ്രറി ഉറപ്പാക്കൽ | രചനാപരിചയ കുറുപ്പുകളുടെ പ്രകാശനം | മാർച്ച് | | | 1000 |

ഗവ :എൽ.പി. എസ് തേർഡ്ക്യാമ്പ്

ക്ലാസ്സ് :4 MKM....

# [1] അക്കാദമിക മാസ്റ്റർ പ്ലാൻ

അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമെ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷവുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻകഴിയുള്ളു. വിദ്യാലയത്തെ സമൂഹത്തിന്റെ കൂടി സ്ഥാപനമായി എങ്ങനെ മാറ്റാനാകും എന്ന ഉദ്ദേശ്യത്തോടെ പ്രതീക്ഷയുണർത്തുന്നതും പ്രചോദനാത്മകവുമായ ഹ്രസ്വകാല, മധ്യമകാല, ദീർഘകാല പ്രവർത്തനങ്ങൾ വിവിധ പദ്ധതികളിലൂടെ തയ്യാറാക്കണം.

- നാലാം ക്ലാസിലെ എല്ലാ കുട്ടികൾക്കും വ്യത്യസ്തവും നൂതനവുമായ പഠനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
- എല്ലാ കുട്ടികൾക്കും തുല്യ പരിഗണന നൽകുക.
- നിരന്തര മൂല്യനിർണ്ണയം നടത്തുകയും വിലയിരുത്തൽ പട്ടിക പ്രത്യേകം തയ്യാറാക്കുകയും ചെയ്യുക.
- ക്ലാസ്സിൽ ശിശു സൗഹൃദ സമീപനവും അന്തരീക്ഷവും സ്വീകരിക്കുക.
- പ്രവർത്തനങ്ങളിൽ എല്ലാവർക്കും തുല്യ പങ്കാളിത്തം നൽകുക. വ്യക്തിപരമായ ശ്രദ്ധ നൽകുക.
- ഓരോ കുട്ടികളും ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു വെന്ന് ഉറപ്പു വരുത്തുക. കൈവരിക്കാത്ത പക്ഷം അനുബന്ധ പിന്തുണ നൽകുക.
- എല്ലാ കുട്ടികൾക്കും സൗഹൃദപരമായതും കുട്ടികളെ കേന്ദ്രീകരിച്ചിട്ടുള്ളതുമായ രീതിയിൽ പഠന പ്രവർത്തനം ഒരുക്കുക.
- പാഠ്യേതരപ്രവർത്തനങ്ങളും സംഘടിപ്പിക്കുക. മികവ് ഉത്സവങ്ങൾ നടത്തുക,
- കുട്ടികളുടെ ശബ്ദം എല്ലായിപ്പോഴും ഉയർന്ന കേൾക്കാത്ത വിധം പ്രവർത്തനങ്ങളെ സജ്ജമാക്കുക
- LSS ന്റെ എണ്ണം കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണം തയ്യാറാക്കുന്ന
- പഠനം ആയാസരഹിതവും ആഹ്ലാദകരവുമായ അനുഭവമാക്കി മാറ്റാൻ നൂതന ആശയങ്ങളും I C T സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തുക.
- കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, സംസാരിക്കാനും, വായിക്കാനും എഴുതാനും പറ്റുന്ന ഭാഷാശേഷികൾ വികസിപ്പിക്കുക.
- ശാസ്ത്ര പഠനം സ്വായത്തമാക്കാൻ കഴിയുന്ന രീതിയിൽ പ്രവർത്തനം ഒരുക്കുക
- ഗണിതത്തിൽ അടിസ്ഥാനശേഷി കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കുക
- അക്കാദമികമായ ഉണർവ്വ് ജനിപ്പിക്കുന്നതിൽ തന്റെ പങ്കാളിത്തവും ഉറപ്പാക്കുക
- പഠനത്തിൽ മുന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന. അന്വേഷണ ത്വര വർദ്ധിപ്പിക്കുക.
- ലൈബ്രറി വികസനം പരമാവധി സാധ്യമാക്കുക. ക്ലാസ്സ് ലൈബ്രറി, ടീച്ചേഴ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി , ജനകീയമാക്കുക.
- പഠനയാത്രകൾ അക്കാദമികമായി നടത്തുക.
- I C T പ്രവർത്തനങ്ങളിലൂടെ പഠനപ്രക്രിയ മെച്ചപ്പെടുത്താൻ ഉപയോഗിക്കുക.
- പഠന ലക്ഷ്യം ഉറപ്പിക്കാൻ പുതിയ ടീച്ചിംഗ് എയ്ഡ്സ് നിർമിച്ച് പഠനപ്രക്രിയ എളുപ്പമാക്കുക
- ശാസ്ത്രമേളകളിലും ക്ലബ് പ്രവർത്തനങ്ങളിലും പരമാവധി കുട്ടികളെ പങ്കെടുപ്പിച്ച് പഠന പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുക.
- പഠന തെളിവുകൾ കുട്ടികളുടെ മികവിന്റെ സാക്ഷ്യപത്രങ്ങളാണ്.

---
1

ചുരുക്കത്തിൽ അക്കാദമിക മികവാണ്
സ്കൂളിന്റെ മികവ് എന്ന ധാരണ ഊട്ടിയുറപ്പിക്കുക.

എനിക്കും ക്ലാസിൽ ഒരിടം ഉണ്ട് എന്ന തിരിച്ചറിവ്.എന്റെ അറിവും പരിഗണിക്കപ്പെടും എന്ന ചിന്തയും ഓരോ കുട്ടിയെയും പഠനത്തിൽ പൂർണമായി പങ്കാളിയാക്കാൻ സാധിക്കും. ക്ലാസിലെ പഠനാന്തരീക്ഷം രസകരമാക്കുമ്പോൾ പഠനം കാര്യക്ഷമമാകും. മുകളിൽ പറഞ്ഞിരിക്കുന്ന ഉറച്ച തീരുമാനത്തോടെഈ വർഷം മുന്നോട്ട്........

# 1 സർഗ്ഗാത്മക ഡയറി

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് കാവ്യാത്മക ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിത് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് ഡയറിയിലൂടെ സാധിക്കും

## ലക്ഷ്യ പ്രസ്താവന

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

## പ്രവർത്തനഘട്ടങ്ങൾ

| പ്രവർത്തനം | സമയം |
|---|---|
| • സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ ആദ്യവാരം) നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു<br>• ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു<br>• എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.<br>• ജൂൺ മുതൽ ആരംഭിക്കുന്നു. (ചൊവ്വാഴ്ച്ചയും വെള്ളിയാഴ്ച്ചയും ) ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.<br>• കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.<br>• കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.<br>• •ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.<br>• എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി) | ജൂൺ<br><br>ജൂൺ ആദ്യവാരം)<br><br>ആഴ്ചയിൽ വർക്ക് ദിവസം<br><br>അതാത് ദിവസം<br><br>മാർച്ച് |

വിലയിരുത്തൽ

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്.
- സർഗാത്മക ശേഷി വികാസത്തിന് സാധിച്ചിട്ടുണ്ട്. കുട്ടിയുടെ കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
- മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ തയ്യാറാക്കിയിട്ടുണ്ട്.

ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ

സാമ്പത്തികം

രക്ഷിതാക്കൾ, ക്ലാസ്സ് അധ്യാപകൻ

## 2 എന്റെ ചങ്ങാതിക്ക് ഒരു ബുക്ക്

നാലാം ക്ലാസുകളിലെ കുഞ്ഞുങ്ങൾക്ക് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തുന്ന നൂതന പരിപാടിയാണ് എന്റെ ചങ്ങാതി . കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കുന്നു. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ ഭാഷാവികാസത്തിന് സാധ്യതയൊരുക്കുന്നു.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു. സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു
- നാലാം ക്ലാസിൽ എല്ലാ കുട്ടികളെയും നല്ല വായനക്കാരാക്കുക.
- പാഠപുസ്തകം കപ്പ് ഉള്ള വായനയുടെ ലോകത്തേക്ക് കടക്കുവാൻ കഴിവും ആത്മവിശ്വാസവും വളർത്തുക
- വായനാകുറിപ്പ് എഴുതുന്നു. അവതരിപ്പിക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു

| പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് |
|---|---|
| • പ്രവർത്തനം എസ്.ആർ.ജിയിൽ അവലോകനം ചെയ്യുന്നു.<br>• പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.<br>• ലൈബ്രറി പുസ്തകങ്ങൾ സെലക്ട് ചെയ്യുന്നു<br>• CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും<br>• ഓരോ ആഴ്ചയും കൈമാറുന്നു.<br>• കുട്ടിയും രക്ഷിതാവും ചേർന്നുള്ള വായന<br>• . കുട്ടികൾ വായനക്കുറിപ്പ് പതിപ്പ് ആക്കുന്നു.<br>• കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.<br>• Cpta യിൽ പുസ്തകം പ്രസിദ്ധീകരിച്ച പ്രകാശനം നടത്തുന്നു. | മെയ്<br>മെയ്<br>ജൂൺ ആദ്യം<br>ജൂൺ<br>ജൂൺ<br><br><br>മാസത്തിൽ<br><br>മാസത്തിൽ |

| | |
|---|---|
| • രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു.<br>• വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു. | മാർച്ച്<br><br>മാർച്ച് |

## വിലയിരുത്തൽ

- പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്.
- പഠന പുരോഗതി രക്ഷിതാക്കൾക്ക് ബോധ്യമായി
- കുട്ടികളിൽ പരന്ന വായനയ്ക്കുള്ള കഴിവും താല്പര്യവും വികസിച്ചു
- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്
- വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്
- ഭാഷോത്സവത്തിന്റെ ഭാഗമായി വായനാകുറിപ്പ് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്
- കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കു വെച്ചിട്ടുണ്ട്

## ചുമതല

ക്ലാസ് ടീച്ചർ, PTA, HM

## സാമ്പത്തികം

CPTA,

# 3 മാഗസിൻ

ലഘു വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്ത് എഴുതാൻ നാലാം ക്ലാസിലെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി, ക്ഷണക്കത്ത്, സംഭാഷണം, വിവരണം, കുറിപ്പ്, പത്രവാർത്ത, ആസ്വാദനക്കുറിപ്പ് തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് നാലാം ക്ലാസിൽ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് മാഗസിൻ കൊണ്ട് ലക്ഷ്യമിടുന്നത്..

## ലക്ഷ്യ പ്രസ്താവന

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.
- വായനയും എഴുത്തിനെയും ഗൗരവമായി സ്വീകരിച്ച സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള മനോഭാവം കുട്ടികളിൽ സൃഷ്ടിക്കുക.
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- വ്യവഹാര രൂപങ്ങൾ വിശേഷണങ്ങൾ ചേർത്ത് എഴുതാൻ പ്രാപ്തരാക്കുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടി പ്പിക്കുന്നു.

| പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് |
|---|---|
| • പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ അംഗീകാരം വാങ്ങുന്നു. | ജൂൺ |
| • സി.പി.ടി.എ.യിൽ രചനോത്സവം പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക | ജൂൺ |
| • പ്രതിമാസ രചനോത്സവം<br>• ചിത്രം നോക്കി കഥ എഴുതാം<br>○ ഓരോ മാസവും ഒരു ചിത്രം പ്രദർശിപ്പിക്കുന്നു<br>○ ചിത്രത്തെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ എഴുതാൻ കുട്ടിക്ക് അവസരം ഒരുക്കുന്നു.<br>○ മികച്ചത് മാഗസിനിൽ ഉൾപ്പെടുത്തുന്നു.<br>○ എഴുതിയ പ്രവർത്തനങ്ങൾ ചേർത്ത് പതിപ്പ് ആക്കുന്നു<br>○ പതിപ്പ് ക്ലാസ് പിടിഎകളിൽ പ്രകാശനം ചെയ്യുന്നു. മികച്ചവ സാമൂഹ്യ മാധ്യമങ്ങളിൽ പ്രദർശിപ്പിക്കുന്നു<br>○ മികച്ചവ മാസികകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നു | മാസത്തിൽ ഒന്ന് |
| • ക്ലാസ് പ്രവർത്തനത്തിന്റെ ഭാഗമായുള്ള രചനകൾ എല്ലാ മാസവും പ്രസിദ്ധീകരിക്കൽ | |
| • കുട്ടികളുടെ കയ്യിലുള്ള രചനകൾ ചേർത്ത് മാഗസിൻ പ്രസിദ്ധീകരിക്കൽ | ജൂൺ മുതൽ മാർച്ച് വരെ |

| | |
|---|---|
| • പുസ്തക പ്രകാശനം. | മാർച്ച് |

## വിലയിരുത്തൽ

രചനോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.
പ്രാദേശികവും ലഭ്യവുമായ റിസോഴ്സ് പേഴ്സൺസിന്റെ സേവനം ലഭ്യമാക്കുന്നു.

എല്ലാ വ്യവഹാരരൂപങ്ങൾക്കും

പ്രാധാന്യം നൽകിയിട്ടുണ്ട് എന്നുറപ്പ്

വരുത്തുന്നു.

കൃതമായ ഇടവേളകളിൽ ക്ലാസ്സ്തല രചനോത്സവം സംഘടിപ്പിക്കുന്നു

രക്ഷാകർതൃ പ്രാദേശിക പിന്തുണ ഉറപ്പുവരുത്തുന്നു.

## ചുമതല

ക്ലാസ് ടീച്ചർ,പി.ടി.എ

## സാമ്പത്തികം

പി.ടി.എ.,എസ്. എസ്. കെ

# 4 നേടാം എൽ. എസ്. എസ്

അക്കാദമിക മികവ് ആണല്ലോ ഒരു കുട്ടിയെ പൂർണ്ണനാക്കുന്നത്.ഒരു സ്കോളർഷിപ്പ് പരീക്ഷ എന്നതിനേക്കാൾ പ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികളുടെ അക്കാദമിക നിലവാരം അളക്കുന്നതിനുള്ള ഒരു മൂല്യനിർണയ ഉപാധി കൂടിയാണ് എൽഎസ്എസ് പരീക്ഷ. കുട്ടികൾ നേടുന്ന മുന്നേറ്റം വിദ്യാലയത്തിന്റെ തന്നെ അക്കാദമിക നിലവാര സൂചനകളായി പരിഗണിച്ചുവരുന്ന കാലഘട്ടമാണിത്. ക്ലാസിലെ മുഴുവൻ കുട്ടികളെയും എൽഎസ്എസ് പരീക്ഷയ്ക്ക് സജ്ജരാക്കുക എന്നതാണ് പ്രഥമലക്ഷ്യം

ലക്ഷ്യ പ്രസ്താവന

- ക്ലാസിലുള്ള മുഴുവൻ കുട്ടികളെയും എൽ.എസ്.എസ് പരീക്ഷ എഴുതുന്നതിന് സജ്ജരാക്കുക.
- ജൂൺ മാസം മുതൽ എൽ എസ് എസ് പരീക്ഷയ്ക്കായുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ഭാഷയിലും ഗണിതത്തിലും പരിസര പഠനത്തിനുംകൂടുതൽ പ്രവർത്തനങ്ങൾ നൽകുക.
- പഠന പിന്നാക്ക അവസ്ഥ ഇല്ലാതാക്കുക

| പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് |
|---|---|
| • ജൂൺ മാസം ആദ്യം മുതൽ തന്നെ എൽ എസ് എസ് പ്രവർത്തനങ്ങൾ ആരംഭിക്കുക | ജൂൺ |
| • സി.പി.ടി.എ.യിൽ എൽ എസ് എസ് പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക | ജൂൺ |
| • • പ്രതിമാസ വിലയിരുത്തൽ പ്രവർത്തനം നടത്തുക | ജൂൺ മുതൽ മാർച്ച് വരെ |
| • ക്ലാസ് പ്രവർത്തനത്തിന്റെ ഭാഗമായുള്ള മാതൃകാ പരീക്ഷകൾഎല്ലാ മാസവും നടത്തുക | ജൂൺ മുതൽ മാർച്ച് വരെ |
| • കൂടുതൽ പിന്തുണ വേണ്ട കുട്ടികൾക്ക് അധിക പ്രവർത്തനങ്ങൾ നൽകുക | |
| • രാവിലെയും വൈകിട്ടും സ്പെഷ്യൽ കോച്ചിങ് | ഡിസംബർ മുതൽ |
| • ശനിയാഴ്ച്ചകളിൽ ക്ലാസ്സ് | ഡിസംബർ മുതൽ |
| • മാതൃക പരീക്ഷ | ഡിസംബർ ജനുവരി ഫെബ്രുവരി |

വിലയിരുത്തൽ

- എൽ എസ് എസ് പരീക്ഷക്ക് എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

- പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നു.

- കൂടുതൽ പ്രാധാന്യം നൽകേണ്ട വിഷയങ്ങൾക്ക് സമയം കണ്ടെത്തി പരിഹരിച്ചിട്ടുണ്ട്.

- മാതൃകാ പരീക്ഷകളിലെ മികവ്.

- ഓരോ ടൈമിലും ഉള്ള പോരായ്മകൾ കണ്ടെത്തി പരിഹരിച്ചിട്ടുണ്ട്.

ചുമതല

ക്ലാസ് ടീച്ചർ

സാമ്പത്തികം

ക്ലാസ്സ് പി.ടി.എ., ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ

# 5 Let Us Talk

നാലാം ക്ലാസിലെ മുഴുവൻ കുട്ടികളും ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി ആർജിക്കുക എന്നുള്ളത് ആണ് ഈ പ്രവർത്തനത്തിലൂടെ മുന്നോട്ടുവയ്ക്കുന്നത്. ഇംഗ്ലീഷിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് ആശയവിനിമയം നടത്തുന്നത് ഇംഗ്ലീഷ് ലാംഗ്വേജിൽ ആകുന്നു.

ലക്ഷ്യപ്രസ്താവന

- ആത്മവിശ്വാസത്തോടെ ആശയമയം നടത്താനുള്ള ശേഷി കുട്ടികളിൽ ഉണ്ടാക്കുക.
- ഇംഗ്ലീഷ് ഭാഷ ഇഷ്ടത്തോടെ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് ആർജിക്കുക.
- ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുക.

| പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് |
|---|---|
| • ക്ലാസ്സിൽ നടന്നുവരുന്ന പ്രവർത്തനങ്ങളിൽ ഇടകലർത്തിയും അധികസമയം കണ്ടെത്തിയും നൽകേണ്ട സ്വാഭാവിക പ്രവർത്തനങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കണം.<br>• വേണ്ട മുന്നൊരുക്കങ്ങൾ എസ് ആർ ജി യോഗത്തിൽ ചർച്ച ചെയ്യണം. | ജൂൺ to മാർച്ച് |
| • ഭാഷാപരമായ കരുതൽ തയ്യാറെടുപ്പ് എന്നിവ കൃത്യമായി ഏറ്റെടുക്കുന്നു. | ജൂൺ |
| • ക്ലാസ് പിടിഎ ചേരുകയും പരിപാടികൾ പരിചയപ്പെടുത്തുകയും ചെയ്യണം | ജൂൺ |
| • ക്ലാസ് തല അസംബ്ലികൾ പൂർണ്ണമായും ഇംഗ്ലീഷ് ഭാഷയിൽ കൈകാര്യം ചെയ്യണം. | ജൂൺ ആദ്യം |
| • രാവിലെ മുതൽ വൈകുന്നേരം വരെ ഇംഗ്ലീഷ് മാത്രമാണ് ഏവരും ഉപയോഗിക്കേണ്ടത് | മാസത്തിൽ ഒന്ന് |
| • എല്ലാ വിഷയങ്ങളും പഠിപ്പിക്കുന്നതും ഇംഗ്ലീഷിൽ തന്നെയാവണം. | |
| • Describing pictures - ആഴ്ചയിൽ ഒന്ന് ശ്രദ്ധേയമായ ഒരു ചിത്രം പ്രദർശിപ്പിക്കുന്നു അതിനെക്കുറിച്ച് കുട്ടികൾ ഡിസ്ക്രിബ് ചെയ്ത് മറ്റ | ജൂൺ to മാർച്ച് |

| | |
|---|---|
| കൂട്ടുകാരോട് പറയുന്നു.<br>● Newspaper reading - ഇംഗ്ലീഷ് ന്യൂസ് പേപ്പർ എല്ലാ ദിവസവും വായിക്കുന്നു<br>● Telephonic conversation - ഒരു തീം തീരുമാനിച്ച് അതിൽ പ്രകാരം കുട്ടികൾ സംസാരിച്ചു തുടങ്ങാം<br>● English theatre- സ്വതന്ത്രമായ സർഗ്ഗ സൃഷ്ടികളുടെ അവതരണങ്ങൾക്ക് അവസരം നൽകും. Role play, skit, stories telling Etc . | ജൂൺ to മാർച്ച്<br><br>ജൂൺ to മാർച്ച്<br>ആഴ്ചയിൽ ഒന്ന്<br><br>Every day |

വിലയിരുത്തൽ

- ഇംഗ്ലീഷ് ഭാഷയിൽ വളർച്ച ഉണ്ടായോ.
- അനൗപചാരിക സംഭാഷണങ്ങൾ ചർച്ചകൾ എന്നിവയിൽ അധ്യാപകൻ കുട്ടികളെ വിലയിരുത്തുന്നു.
- ഫലപ്രദമായി ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിൽ നാലാം ക്ലാസിലെ കുട്ടികക്ക് മികവ് ഉണ്ടായോ

ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ

സാമ്പത്തികം

രക്ഷിതാക്കൾ, ക്ലാസ്സ് അധ്യാപകൻ

**6** എനിക്കും ഉണ്ടൊരു ഒരു ഗണിത പെട്ടി

കണക്ക് കുട്ടികളെ ഭയപ്പെടുത്തുന്നുണ്ടോ? ഇല്ല എന്ന് തിരിച്ചറിവാണ് കളിച്ചും ചിരിച്ചും ഗണിതം പഠിപ്പിക്കുമ്പോൾ നാം മനസ്സിലാക്കേണ്ടത്. ഗണിത ചിന്തകൾ കുട്ടികളുടെ സമൂഹത്തിന്റെയും മുന്നിൽ അവതരിപ്പിക്കാൻ കഴിയണം. ELPS ( experience, language, picture,symbol)സമീപനമാണ് നാം അവലംബിക്കേണ്ടത്. ഗണിത പ്രശ്നങ്ങളുടെ നിർദ്ധാരണത്തിന് മൂർത്ത വസ്തുക്കളുടെ ഉപയോഗത്തിലാണ് പ്രാധാന്യം. ഈ രീതി തുടർന്നുപോരുന്ന കുട്ടിക്ക് സാധന സംയുക്തമായ ഗണിത കൈകാര്യം ചെയ്യാൻ കഴിയും.
ക്ലാസിലെ ഗണിത മൂല പോലെ തന്നെ വീട്ടിലും ഗണിത മൂല ഒരുക്കുക.

ലക്ഷ്യപ്രസ്താവന

- ഗണന ചിന്ത കുട്ടികളിൽ ഉണർത്തുക.
- ELPS സമീപനം
- PIMS സമീപനം ( problem processing, individual attempt, Metay cogination, symbol)
- ഗണിത പഠനത്തിലെ പിന്നോക്കാവസ്ഥ തിരിച്ചറിഞ്ഞ് താല്പര്യമുണ്ടെന്ന് പുതിയ പ്രവർത്തനങ്ങളുടെ ആസൂത്രണം.
- വ്യത്യസ്ത കുട്ടികളുടെ ഗണിതശേഷി നിലവാരം മനസ്സിലാക്കലും ഉചിതമായ പ്രവർത്തനങ്ങൾ നൽകലും.
- ഗണിത പഠനോപകരണങ്ങളുടെ വികസിപ്പിക്കലും ഉപയോഗവും
- രക്ഷിതാക്കൾക്കും സമൂഹത്തിനും കുട്ടികളെ പഠന പ്രവർത്തനങ്ങളിൽ എങ്ങനെയെല്ലാം സഹായിക്കാൻ കഴിയും എന്ന് ബോധ്യപ്പെടുത്തൽ
- ഗണിതം മറ്റ് ഏത് വിഷയവും പോലെ അനായാസമായി പഠിക്കാൻ കഴിയുന്ന വിധത്തിൽ കുട്ടികളെ പ്രാപ്തരാക്കുക.

| പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് |
|---|---|
| • ഗണിത ചിന്തകൾക്ക് നോട്ടീസ് ബോർഡ്<br>• ആഴ്ചയിൽ ഒരു ദിവസം ഗണിത ക്വിസ്<br>• ഓരോ പാഠവുമായി ബന്ധപ്പെട്ട ഗണിത കോർണർ സജ്ജീകരിക്കൽ<br>• വീട്ടിൽ ഒരു ഗണിതം മൂല സജ്ജീകരിക്കുന്നതിന് വേണ്ട നിർദേശങ്ങൾ ക്ലാസ് പിടിഎയിൽ | മെയ്<br>ജൂൺ to മാർച്ച്<br>ജൂൺ to മാർച്ച്<br><br>ജൂൺ |

| | |
|---|---|
| നൽകൽ.<br>• വീട്ടില് ഗണിത മൂലയുടെ ചിത്രങ്ങൾ ഫോട്ടോയെടുത്ത് ഡോക്കുമെന്റ് ചെയ്യാൽ<br>• | ജൂൺ |

വിലയിരുത്തൽ

- ഗണിത പഠനത്തിലെ പിന്നോക്കാവസ്ഥ മാറിയിട്ടുണ്ടോ?
- ഗണന ചിന്ത കുട്ടികളിൽ ഉണ്ടാകുന്നുണ്ടോ?
- കുട്ടികളുടെ ഗണിതശേഷി നിലവാരം ഉയർന്നിട്ടുണ്ടോ?
- ഗണിതം മറ്റ് വിഷയങ്ങൾ പോലെ എളുപ്പം ഉള്ളതായോ?

ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ

സാമ്പത്തികം

രക്ഷിതാക്കൾ, ക്ലാസ്സ് അധ്യാപകൻ

## 7 ഞാനും എന്റെ ചിന്തയും (പസിൽ )

കുട്ടികളുടെ ബൗദ്ധകമായ വികാസത്തിനും ചിന്താശേഷി വർദ്ധിപ്പിക്കുവാനും സഹായിക്കുന്ന പ്രവർത്തനമാണ് പസിലുകൾ. യുക്തി ചിന്ത പരിശോധക്കാനാണ് പസിലുകൾ സാധാരണയായി ഉപയോഗിക്കുന്നത്. ഫസിലിന് ഉത്തരം കണ്ടെത്താനുള്ള അവസരം നൽകുന്നതുവഴി. കുട്ടിയുടെ ഗണന ചിന്ത വർദ്ധിക്കുന്നു. ഗണിതശാസ്ത്രപരമോ സംഖ്യാപരമോ ആയ വസ്തുതകൾ, നിയമങ്ങൾ, വസ്തുക്കൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ് ഒരു ഗണിത പസിൽ, അല്ലെങ്കിൽ അതിന്റെ പരിഹാരത്തിന് ശക്തമായ ഗണിതശാസ്ത്ര യുക്തി, ചിന്ത അല്ലെങ്കിൽ പരിഗണന ആവശ്യമാണ്. സംഖ്യകൾ, ആകൃതികൾ, അളവ്, സ്ഥലം, മാറ്റം തുടങ്ങിയ അമൂർത്ത വിഷയങ്ങളെക്കുറിച്ചുള്ള പഠനമാണ് ഗണിതശാസ്ത്രം

| പ്രവർത്തനം | കാലയളവ് |
| --- | --- |
| • പസിലുകൾ എന്താണെന്ന് കുട്ടികളെ പരിചയപ്പെടുത്തുന്നു | ജൂൺ |
| • പാസിൽ കോർണർ | ജൂൺ 16 |
| • കുട്ടികൾക്ക് നൽകുന്ന ഫസിലുകൾ ബുക്കിൽ കുറിച്ചെടുത്തവ ഗണന ചിന്ത ഉറപ്പിക്കുന്നതിനായി ഓരോ ആഴ്ചയും പ്രവർത്തനങ്ങൾ നൽകുന്നു. | ഓരോ ആഴ്ചയിലെയും പ്രവർത്തനങ്ങൾ |
| • പസിൽ പ്രവർത്തനങ്ങളുടെ പ്രദർശനം | ഓഗസ്റ്റ് CPTA യിൽ |
| • കുട്ടികൾ ചെയ്ത പാസിലുകൾ അവതരണം | ജനുവരി CPTA |
| • " പഠനോത്സവം " കുട്ടികൾ ഫസലുകൾ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നു. | മാർച്ച് |

ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ

സാമ്പത്തികം

രക്ഷിതാക്കൾ, ക്ലാസ്സ് അധ്യാപകൻ

## 8 ചുവർ മാസിക നിർമ്മാണം

ജ്ഞാനനിർമ്മായിഷ്ഠമായ ശാസ്ത്ര പഠനമാണ് ക്ലാസ് മുറിയിൽ നടക്കേണ്ടത്. പ്രക്രിയ ബന്ധിതമായ ഈ സമീപനത്തിനുള്ള പഠിതാക്കളെ മുൻനിരയിൽ എത്തിക്കുന്നതിന് വ്യത്യസ്ത പ്രവർത്തനങ്ങൾ നൽകേണ്ടതുണ്ട്. ക്ലാസ്സിൽ ശാസ്ത്ര അനുഭവം ഒരുക്കുക എന്ന ലക്ഷ്യത്തോടെ. നാലാം ക്ലാസിന് വേണ്ട പ്രധാനപ്പെട്ട ദിനാചരണങ്ങൾ ഉൾപ്പെടുത്തി ചുവർ മാസിക നിർമ്മിക്കുന്നു.

| പ്രവർത്തനം | കാലയളവ് |
|---|---|
| 1 ജൂൺ 5 പരിസ്ഥിതി ദിനം<br>● പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ സന്ദേശം നൽകൽ.<br>● വൃക്ഷത്തൈ നടീൽ വീട്ടിലും സ്കൂൾ പരിസരത്തും.<br>● പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ക്വിസ് ചോദ്യങ്ങൾ പരിസ്ഥിതി കവിതകൾ പത്രവാർത്തകൾ എന്നിവ ഉൾപ്പെടുത്തി ചുവർ മാസിക തയ്യാറാക്കൽ | ജൂൺ |
| 2 ജൂലൈ 21 ചാന്ദ്രദിനം<br>● ചന്ദ്രനെക്കുറിച്ച് അറിയേണ്ടതെല്ലാം ഉൾപ്പെടുത്തി ചുമർ മാസിക തയ്യാറാക്കൽ<br>● ചാന്ദ്രദിന ക്വിസ് | ജൂലൈ |
| 3 സെപ്റ്റംബർ16 ഓസോൺ ദിനം<br>● ഓസോൺ ദിന സന്ദേശം നൽകൽ<br>● ഭൂമിയുടെ രക്ഷയ്ക്ക് ഓസോൺ കുട എന്ന ആശയം രൂപീകൃതത്തിലുള്ള ചുവർ മാസികകൾ തയ്യാറാക്കൽ<br>● ഓസോൺ ദിന പോസ്റ്റർ തയ്യാറാക്കൽ. | സെപ്റ്റംബർ |
| 4ഒക്ടോബർ 11 ലോക പരിസര ദിനം<br>● പരിസര ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>● പരിസര ദിന ക്വിസ് | |
| 6 ഒക്ടോബർ 4to8 ബഹിരാകാശ വാരാഘോഷം<br>● ക്വിസ് മത്സര സംഘടിപ്പിക്കൽ<br>● ബഹിരാകാശ നേട്ടങ്ങൾ വെളിവാക്കുന്ന പത്രവാർത്തകൾ കൊളാഷ് എന്നിവ തയ്യാറാക്കി പ്രദർശിപ്പിക്കും. | ഒക്ടോബർ<br>ഒക്ടോബർ |
| 7 ഒക്ടോബർ23to 27വനം-വന്യജീവി വാരാഘോഷം | |

| | |
|---|---|
| • വന്യജീവികളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കും.<br>• വംശനാശ ഭീഷണി നേരിടുന്ന ജീവികളുടെ വിവരങ്ങൾ ശേഖരിക്കൽ. | ഒക്ടോബർ |

ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ

സാമ്പത്തികം

രക്ഷിതാക്കൾ, ക്ലാസ്സ് അധ്യാപകൻ

ക്ലാസ്സ് :4

| 9 പദപ്രശ്നകേളി |
|---|

അന്വേഷണാത്മകപഠനത്തിന്റെ 5 E ഘട്ടങ്ങളിലൂടെ കടന്നുപാകാനവസരം സൃഷ്ടിക്കുന്നതും പ്രക്രിയാശേഷികളുടെ വളർച്ചയുറപ്പാക്കുന്നതുകണം പ്രവർത്തനങ്ങൾ. ഒരു പഠനപ്രവർത്തനം അന്വേഷണാത്മകപഠനത്തിന്റെ 5E ഘട്ടങ്ങളിലൂടെ കടന്നുപാകുമ്പാൾ കുട്ടിക്ക് സ്വാഭാവികായി അറിവുനിർമ്മിക്കാൻ അവസരമൊരുങ്ങുന്നു

| പ്രവർത്തനം | കാലയളവ് |
|---|---|
| • ഓരോ യൂണിറ്റും ആയി ബന്ധപെട്ടുത്തി പദപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ |
| • പദപ്രശ്ന കേളി നടത്തുന്നു. | മാസത്തിൽ ഒരു തവണ |
| • പദപ്രശ്നങ്ങൾ എല്ലാം ചേർത്തു ബുക്ക് ഉണ്ടാക്കുന്നു. | ഫെബ്രുവരി 15 |

ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ

സാമ്പത്തികം

രക്ഷിതാക്കൾ, ക്ലാസ്സ് അധ്യാപകൻ